(ബി) 1996-97, 1997-98, 1998-99 സാമ്പത്തികവർഷങ്ങളിൽ ഈ ഇനത്തിൽ എത്ര തുക വകയിരുത്തിയെന്നും അതിൽ എന്തു തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. †

(ബി) വിശദവിവരങ്ങൾ അനുബന്ധം-2 ൽ ചേർത്തിരിക്കുന്നു. †

(സി) പദ്ധതി നടത്തിപ്പിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും ബഡ്ജറ്റ് വിഹിതം യഥാസമയം ജില്ലകൾക്ക് അനുവദിച്ചു നൽകിയും വിവിധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നു.

(3451) നെൽക്കൃഷിയുമായി സംയോജിപ്പിച്ച് മത്സ്യക്കൃഷി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യക്കൃഷിയും നെൽക്കൃഷിയും സംയോജിപ്പിക്കുന്ന പദ്ധതി കോഴിക്കോട് ജില്ലയിലെ തിക്കൊടി-തുറയൂർ, കീഴരിയൂർ, മൂടാടി പഞ്ചായത്തുകളുമായി ബന്ധപ്പെട്ട 1500 ഏക്കർ സ്ഥലത്ത് നടപ്പിലാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ തിക്കൊടി-തുറയൂർ, കീഴരിയൂർ, മൂടാടി എന്നിവിടങ്ങളിൽ മത്സ്യക്കൃഷിയും നെൽക്കൃഷിയും സംയോജിപ്പിച്ച് കൃഷി ചെയ്യുന്നതിനുള്ള സാദ്ധ്യതയുടെ അടിസ്ഥാനത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വിശദമായി പഠിച്ചതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(3453) മത്സ്യക്കൃഷിക്കായി കുളങ്ങൾ പാട്ടത്തിന് എടുക്കുവാനുള്ള വ്യവസ്ഥകൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ. അബ്ദുറബ് :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള കുളങ്ങൾ മത്സ്യക്കൃഷിക്കായി പാട്ടത്തിന് എടുത്തിട്ടുണ്ടോ;

(ബി) പാട്ടവ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) എവിടെയെല്ലാമാണ് സ്വയംഭരണ സ്ഥാപനങ്ങൾ കുളങ്ങൾ പാട്ടത്തിന് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി)ആന്റ്(സി) പ്രസക്തമല്ല.

(3454) മത്സ്യവിപണനം നടത്തുന്ന സ്ത്രീകൾ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലച്ചുമടുമായി മത്സ്യ വിൽപ്പന നടത്തുന്ന സ്ത്രീകൾക്ക് മത്സ്യം വാങ്ങി വിൽപ്പന നടത്താൻ സ്വകാര്യ പണമിടപാടുകാരെ ആശ്രയിക്കേണ്ടി വരുന്നു എന്ന വസ്തുത സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ കടക്കെണിയിൽ വീഴുന്ന പാവപ്പെട്ട മത്സ്യവിൽപ്പനക്കാരികളെ രക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്യുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തലച്ചുമടായി മത്സ്യവിൽപ്പന നടത്തുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സാമ്പത്തികസഹായം നൽകുന്നതിനും, അവർ സ്വകാര്യ പണമിടപാടുകാരെ ആശ്രയിക്കുന്ന പ്രവണത ഒഴിവാക്കുന്നതിനുമായി താഴെ പറയുന്ന പദ്ധതികൾ മത്സ്യഫെഡ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

1. എൻ.സി.ഡി.സി. പദ്ധതി പ്രകാരം മത്സ്യക്കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് മത്സ്യക്കച്ചവടത്തിനായി 6,000/- രൂപവരെ മുതൽമുടക്ക് തുക വായ്പയായി നൽകി വരുന്നു.

2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടെ കുറഞ്ഞ പലിശനിരക്കിൽ മത്സ്യക്കച്ചവടത്തിനുവേണ്ടി ഒരാൾക്ക് 6,000/- രൂപ വരെ മുതൽമുടക്ക് വായ്പയായി നൽകിവരുന്നു.

3. കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിലുള്ള 'രാഷ്ട്രീയ മഹിളാകോശ്' എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ മത്സ്യക്കച്ചവടത്തിനും മറ്റ് സ്വയംതൊഴിലുകൾ കണ്ടെത്തുന്നതിനുമായി മിതമായ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly